# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1124** **02.03.2017-ൽ മറുപടിക്ക്**

**<u>കടലുണ്ടി പാലത്തിന്റെ നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട കടലുണ്ടി പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. 31.12.2007-ൽ പൂർത്തിയായി |
| (ബി) പ്രസ്തുത പാലത്തിന്റെ ഉദ്ഘാടനം എന്നാണ് നടന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രസ്തുത പാലത്തിന്റെ ഉദ്ഘാടനം 18.04.2008-ൽ നടന്നു. |
| (സി) പാലത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് നാളിതുവരെയും ഭൂമി വില ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഭൂമിയുടെ വില നൽകുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്ന് അന്വേഷിക്കുമോ; | (ഡി) എൽ.എ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനാൽ നേരിട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) ലഭ്യമാക്കിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) ഭൂമി വിട്ടുകൊടുത്തവർക്ക് ഭൂമിയുടെ വില നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കാതെ പാലം പണി ആരംഭിക്കാൻ പാടില്ല എന്നതാണ് ചട്ടം. എന്നാൽ പാലം പണി ആരംഭിച്ചതിനാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം ഉണ്ടായി. അത് പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ